## 103/2025-M

Maximum : 100 marks

Time : 1 മണിക്കൂർ 15 മിനിട്ട്

1. കേരള ഫോക്‌ലോർ അക്കാദമിയുടെ ആസ്ഥാനം സ്ഥിതിചെയ്യുന്നതെവിടെ?
   - (A) തിരുവനന്തപുരം
   - (B) തൃശ്ശൂർ
   - (C) കോഴിക്കോട്
   - (D) കണ്ണൂർ

2. 'വൻമരങ്ങൾ വീഴുമ്പോൾ' എന്ന എൻ.എസ്. മാധവന്റെ ചെറുകഥ ആരുടെ മരണത്തെ ആസ്പദമാക്കി രചിക്കപ്പെട്ടതാണ്?
   - (A) മഹാത്മാഗാന്ധി
   - (B) ജവഹർലാൽ നെഹ്റു
   - (C) ഇന്ദിരാഗാന്ധി
   - (D) രാജീവ് ഗാന്ധി

3. തുഞ്ചൻ സ്മാരകം സ്ഥിതി ചെയ്യുന്ന സ്ഥലമേത്?
   - (A) ചെറുതുരുത്തി
   - (B) തിരൂർ
   - (C) ലക്കിടി
   - (D) അരണാട്ടുകര

4. ആരുടെ ആത്മകഥയുടെ പേരാണ് 'കഴിഞ്ഞകാലം'?
   - (A) ജോസഫ് മുണ്ടശ്ശേരി
   - (B) കെ.പി. കേശവമേനോൻ
   - (C) പി. കുഞ്ഞിരാമൻ നായർ
   - (D) വി.ടി. ഭട്ടതിരിപ്പാട്

5. നവംബർ 15 ന് 'ജൻജാതിയ ഗൗരവ് ദിവസ്' ആയി ആചരിക്കുന്നത് ഏത് ഗോത്രവർഗ നേതാവിന്റെ സ്മരണാർത്ഥമാണ്?
   - (A) സിദ്ദു
   - (B) കാനു
   - (C) തലയ്ക്കൽ ചന്തു
   - (D) ബിർസാ മുണ്ട

6. നിലവിൽ ക്ഷേമ പെൻഷൻകാർക്ക് കേരള സർക്കാർ ഒരു മാസത്തിൽ നൽകുന്ന തുക എത്ര?
   - (A) 600 രൂപ
   - (B) 800 രൂപ
   - (C) 1600 രൂപ
   - (D) 1800 രൂപ

7. താഴെ കൊടുത്തിരിക്കുന്നതിൽ ശരിയായവ കണ്ടെത്തുക:
   (1) സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾക്ക് വായ്പാ ലഭ്യത ഉറപ്പാക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണ് മുദ്ര യോജന (പി.എം.എം.വൈ.)
   (2) മുൻനിര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിനായി ദരിദ്ര-ഇടത്തര വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ അവതരിപ്പിച്ച പ്രത്യേക വായ്പാ പദ്ധതിയാണ് പി.എം. വിദ്യാലക്ഷ്മി
   (3) ഗ്രാമങ്ങളിലെയും നഗരങ്ങളിലെയും പാവപ്പെട്ടവർക്കുള്ള നൈപുണ്യ പരിശീലന പരിപാടിയാണ് പി.എം. ഉജ്ജ്വൽ യോജന
   (4) യുവാക്കൾക്ക് വ്യവസായവുമായി ബന്ധപ്പെട്ട വൈദഗ്ധ്യം നൽകുന്നതിനായി ആരംഭിച്ച പരിശീലന പരിപാടിയാണ് പി.എം. കൗശൽ വികാസ് യോജന (പി.എം.കെ.വി.വൈ.)
   - (A) ഒന്ന്, രണ്ട്, നാല് എന്നിവ ശരിയാണ്
   - (B) ഒന്ന്, മൂന്ന്, നാല് എന്നിവ ശരിയാണ്
   - (C) രണ്ട്, മൂന്ന്, നാല് എന്നിവ ശരിയാണ്
   - (D) ഒന്ന്, രണ്ട്, മൂന്ന് എന്നിവ ശരിയാണ്

Supernotes

8. താഴെ കൊടുത്തിരിക്കുന്നതിൽ ശരിയായത് കണ്ടെത്തുക:

(1) മറവി രോഗം കണ്ടെത്തി വയോജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുക എന്ന
ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് 'ഓർമ്മത്തോണി'

(2) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിധവകൾക്ക് സ്വയം തൊഴിൽ ചെയ്ത്
വരുമാന മാർഗം കണ്ടെത്തുന്നതിനായി വനിതാ ശിശുവികസന വകുപ്പ് ആരംഭിച്ച
പദ്ധതിയാണ് 'സഹായ ഹസ്തം പദ്ധതി'

(3) 18 വയസ്സിന് താഴെയുള്ള മാരക രോഗങ്ങൾ ബാധിച്ച കുട്ടികളുടെ ചികിത്സാ
ചെലവുകൾ വഹിക്കാനായി സർക്കാർ ആരംഭിച്ച പദ്ധതിയാണ് 'താലോലം പദ്ധതി'

(4) ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികൾക്ക് മരുന്നും പിന്തുണയും നൽകാനുള്ള
പദ്ധതിയാണ് 'മിഠായി'

(A) ഒന്ന്, രണ്ട്, മൂന്ന് എന്നിവ ശരിയാണ്

(B) ഒന്ന്, മൂന്ന്, നാല് എന്നിവ ശരിയാണ്

(C) രണ്ട്, മൂന്ന്, നാല് എന്നിവ ശരിയാണ്

(D) എല്ലാം ശരിയാണ്

9. സ്കൂൾ കുട്ടികളെ ഒളിമ്പിക്സ് എന്ന ലക്ഷ്യത്തിലേക്ക് നയിക്കാൻ സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ഇതിൽ ബാസ്കറ്റ് ബോളിനുള്ള പദ്ധതി ഏത്?

(A) ജുഡോക്ക

(B) സ്പ്രിന്റ്

(C) ഹൂപ്സ്

(D) ഗോൾ

10. ദേശീയ ഭരണഘടനാ ദിനമായി ആചരിക്കുന്നത് എന്ന്?

(A) ജനുവരി 26

(B) ആഗസ്റ്റ് 15

(C) ഒക്ടോബർ 2

(D) നവംബർ 26

11. ഇന്ത്യൻ ഭരണഘടനയുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്നതിൽ തെറ്റായി നൽകിയിരിക്കുന്നവ കണ്ടെത്തുക:

(1) 'മൗലിക അവകാശങ്ങൾ' അമേരിക്കയിൽ നിന്നാണ് കടമെടുത്തിട്ടുള്ളത്

(2) 'മൗലിക കടമകൾ' റഷ്യയിൽ നിന്നാണ് കടമെടുത്തിട്ടുള്ളത്

(3) 'മാർഗ നിർദ്ദേശക തത്വങ്ങൾ' ബ്രിട്ടണിൽ നിന്നാണ് കടമെടുത്തിട്ടുള്ളത്

(4) 'ഭരണഘടനാ ഭേദഗതി' കാനഡയിൽ നിന്നാണ് കടമെടുത്തിട്ടുള്ളത്

(A) ഒന്ന്, രണ്ട് എന്നിവ തെറ്റാണ്

(B) മൂന്ന്, നാല് എന്നിവ തെറ്റാണ്

(C) ഒന്ന്, മൂന്ന് എന്നിവ തെറ്റാണ്

(D) രണ്ട്, നാല് എന്നിവ തെറ്റാണ്

12. ജമ്മുകാശ്മീരിന് പ്രത്യേകം അധികാരപദവി നൽകിയിരുന്ന ആർട്ടിക്കിൾ 370 നിർത്തലാക്കിയത് എന്ന്?

(A) 2018 ആഗസ്റ്റ് 9

(B) 2019 ആഗസ്റ്റ് 9.

(C) 2020 ആഗസ്റ്റ് 9

(D) 2022 ആഗസ്റ്റ് 9

Supernotes

13. ഇന്ത്യയുടെ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ആര്?

(A) സുഷീൽ ചന്ദ്ര
(B) രാജീവ് കുമാർ
(C) ഓം പ്രകാശ് റാവത്ത്
(D) സുനിൽ അറോറ

14. ഇന്ത്യയുടെ പഴയ പാർലമെന്റ് മന്ദിരത്തിന്റെ പുതിയ പേരെന്ത്?

(A) സംവിധാൻ സദൻ
(B) സൻസദ് ഭവൻ
(C) കർത്തവ്യപഥ്
(D) ക്ലിഫ് ഹൗസ്

15. 2024 താഴെ കൊടുത്തിരിക്കുന്ന ഏത് സംഭവത്തിന്റെ നൂറാം വാർഷികമായിരുന്നു?

(A) വൈക്കം സത്യാഗ്രഹം
(B) ഗുരുവായൂർ സത്യാഗ്രഹം
(C) ക്ഷേത്രപ്രവേശന വിളംബരം
(D) പട്ടിണി ജാഥ

16. "വട്ടത്തൊപ്പിക്കാരെ നാട്ടിൽ നിന്ന് പുറത്താക്കുക" എന്ന മുദ്രാവാക്യം ഏത് സംഭവവുമായി ബന്ധപ്പെട്ടതാണ്?

(A) ആറ്റിങ്ങൽ കലാപം
(B) കല്ലുമാല സമരം
(C) തോൽ-വിറക് സമരം
(D) കുറിച്യ കലാപം

17. താഴെകൊടുത്തിരിക്കുന്നതിൽ ശരിയായിട്ടുള്ളത് ഏതെല്ലാം?

(1) 'കേസരി' എന്ന പത്രം ആരംഭിച്ചത് ബാലകൃഷ്ണപിള്ളയാണ്
(2) 'വേലക്കാരൻ' എന്ന പത്രം ആരംഭിച്ചത് സഹോദരൻ അയ്യപ്പനാണ്
(3) 'സ്വദേശാഭിമാനി' എന്ന പത്രം ആരംഭിച്ചത് വക്കം അബ്ദുൾ ഖാദർ മൗലവിയാണ്
(4) 'അൽ അമീൻ' എന്ന പത്രം ആരംഭിച്ചത് മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബാണ്

(A) ഒന്ന്, രണ്ട്, മൂന്ന് എന്നിവ ശരിയാണ്
(B) ഒന്ന്, മൂന്ന്, നാല് എന്നിവ ശരിയാണ്
(C) ഒന്ന്, നാല് എന്നിവ ശരിയാണ്
(D) എല്ലാം ശരിയാണ്

18. താഴെകൊടുത്തിരിക്കുന്നതിൽ ഏത് സമരമാണ് 'തുലാം പത്ത് സമരം' എന്നറിയപ്പെടുന്നത്?

(A) കയ്യൂർ സമരം
(B) കരിവെള്ളൂർ സമരം
(C) പുന്നപ്രവയലാർ സമരം
(D) കാവുമ്പായി സമരം

19. കുടുംബശ്രീ ആരംഭിച്ച ഖരമാലിന്യ സംസ്കരണ പദ്ധതിയുടെ പേര് എന്ത്?

(A) സ്നേഹിത
(B) തെളിമ
(C) പ്രതീക്ഷ
(D) സഹജീവനം

20. കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയാൻ കേരള പോലീസ് ആരംഭിച്ച ബോധവൽക്കരണ പദ്ധതി?

(A) സ്നേഹസ്പർശം
(B) പ്രശാന്തി
(C) ചിരി
(D) മാലാഖ

21. ഡ്രൈവിംഗ് പരിശീലനത്തിലെ ക്രമക്കേടുകൾ കണ്ടെത്താനായി വിജിലൻസ് നടത്തിയ ഓപ്പറേഷന്റെ പേര്?

(A) ഓപ്പറേഷൻ സേഫ് റോഡ്
(B) ഓപ്പറേഷൻ സേഫ് സ്ട്രീറ്റ്സ്
(C) ഓപ്പറേഷൻ സ്റ്റെപ്പിനി
(D) ഓപ്പറേഷൻ കുബേര

22. 'ഭാരതീയ ന്യായ സംഹിത' നിലവിൽ വന്നത് എന്ന്?

(A) ജൂലൈ 1, 2021
(B) ജൂലൈ 1, 2022
(C) ജൂൺ 1, 2024
(D) ജൂലൈ 1, 2024

23. ഇന്ത്യയിൽ ആദ്യമായി ക്ലാസിക്കൽ ഭാഷാപദവി ലഭിച്ച ഭാഷ ഏത്?

(A) സംസ്കൃതം
(B) തമിഴ്
(C) തെലുങ്ക്
(D) കന്നട

24. 'തുലാവർഷം' എന്നറിയപ്പെടുന്നത്

(A) തെക്ക് പടിഞ്ഞാറൻ മൺസൂൺ
(B) വടക്ക് കിഴക്കൻ മൺസൂൺ
(C) തെക്ക് കിഴക്കൻ മൺസൂൺ
(D) വടക്ക് പടിഞ്ഞാറൻ മൺസൂൺ

25. കൂട്ടത്തിൽ പെടാത്തത് കണ്ടെത്തുക.

(A) പെരിയാർ
(B) പാമ്പാർ
(C) ഭവാനി
(D) കബനി

Supernotes

26. ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ കടൽ പാലമായ ശ്രീ അടൽ ബിഹാരി വാജ്പേയി ട്രാൻസ് ഹാർബർ ലിങ്ക് എവിടെ സ്ഥിതി ചെയ്യുന്നു?

(A) ഡൽഹി
(B) മുംബൈ
(C) കൽക്കത്ത
(D) സൂറത്ത്

27. ഏത് പുഴയിലാണ് പഴശ്ശി ഡാം സ്ഥിതി ചെയ്യുന്നത്?

(A) ചന്ദ്രഗിരി പുഴ
(B) കുറ്റ്യാടി പുഴ
(C) വളപട്ടണം പുഴ
(D) ചാലിയാർ പുഴ

28. കേരളത്തിലെ ഏറ്റവും ചെറിയ ദേശീയോദ്യാനം ഏത്?

(A) ഇരവികുളം
(B) പറമ്പിക്കുളം
(C) അരിപ്പ
(D) പാമ്പാടും ചോല

29. ചൂരൽമല-മുണ്ടക്കൈ ദുരന്തം നടന്ന ജില്ല ഏത്?

(A) കണ്ണൂർ
(B) വയനാട്
(C) മലപ്പുറം
(D) ഇടുക്കി

30. ഡാന ചുഴലിക്കാറ്റ് ഭീഷണി നേരിട്ട സംസ്ഥാനം ഏത്?

(A) കേരളം
(B) കർണ്ണാടക
(C) ഒഡിഷ
(D) മഹാരാഷ്ട്ര

31. നിർദ്ദിഷ്ട ഗ്രീൻ ഫീൽഡ് ദേശീയ പാത ഏതെല്ലാം പ്രദേശങ്ങളെയാണ് ബന്ധിപ്പിക്കുന്നത്?

(A) പാലക്കാട്-കോഴിക്കോട്
(B) പാലക്കാട്-കോയമ്പത്തൂർ
(C) കോഴിക്കോട്-വയനാട്
(D) കോഴിക്കോട്-തൃശ്ശൂർ

32. താഴെ കൊടുത്തിരിക്കുന്നവയിൽ അന്തർദേശീയ കപ്പലുകൾക്ക് സർവീസ് നടത്താനുള്ള 'ഇന്റർനാഷണൽ ഷിപ്പിംഗ് ആന്റ് പോർട്ട് സെക്യൂരിറ്റി കോഡ്' അംഗീകാരം ഏറ്റവും അവസാനമായി നേടിയ കേരളത്തിലെ തുറമുഖം ഏത്?

(A) വിഴിഞ്ഞം
(B) കൊല്ലം
(C) കൊച്ചി
(D) ബേപ്പൂർ

33. സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ ഇന്ത്യയിൽ ആദ്യമായി ആരംഭിച്ച വിമാനത്താവളം ഏത്?

(A) കണ്ണൂർ വിമാനത്താവളം
(B) കോഴിക്കോട് വിമാനത്താവളം
(C) കൊച്ചി വിമാനത്താവളം
(D) തിരുവനന്തപുരം വിമാനത്താവളം

34. ഇന്ത്യയിലെ ആദ്യത്തെ മെട്രോ റെയിൽ ആരംഭിച്ചത് എവിടെ?

(A) ഡൽഹി
(B) ബെംഗളൂരു
(C) കൊൽക്കത്ത
(D) കൊച്ചി

35. ട്രെയിനുകളുടെ അപകടങ്ങൾ ഒഴിവാക്കാനായി റെയിൽവേ നടപ്പിലാക്കിയ സാങ്കേതിക സംവിധാനത്തിന്റെ പേരെന്ത്?

(A) യു.ടി.എസ്.
(B) സുവിധ
(C) സന്ദേശ്
(D) കവച്

36. കേരളത്തിലെ ആദ്യത്തെ ഐ.ടി.പാർക്ക് ഏത്?

(A) സൈബർ പാർക്ക്
(B) ടെക്നോ പാർക്ക്
(C) ഇൻഫോ പാർക്ക്
(D) കിൻഫ്ര പാർക്ക്

37. ബിരുദതല പൊതുപ്രവേശന പരീക്ഷകൾക്കായി 'കി ടു എൻട്രൻസ്' എന്ന പേരിൽ സൗജന്യ പരിശീലന പദ്ധതി ആരംഭിച്ച സ്ഥാപനം ഏത്?

(A) കുസാറ്റ്
(B) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ
(C) കൈറ്റ്
(D) സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷൻ

Supernotes

38. 2024 ലെ ശാസ്ത്ര ഗവേഷണ രംഗത്തെ മികവിനുള്ള ഇൻഫോസിസ് സയൻസ് ഫൗണ്ടേഷന്റെ (ഐ.എസ്.എഫ്.) അവാർഡുകളിൽ ഹ്യുമാനിറ്റിസ് ആൻഡ് സോഷ്യൽ സയൻസ് വിഭാഗത്തിൽ പുരസ്കാരത്തിന് അർഹനായത് ആര്?

(A) പ്രൊഫസർ അരുൺ ജി. ചന്ദ്രശേഖർ
(B) പ്രൊഫസർ നിനാ ഗുപ്ത
(C) പ്രൊഫസർ ശ്യാം ഗൊല്ലകൊട്ട
(D) പ്രൊഫസർ മഹ്മൂദ് കൂരിയ

39. താഴെ കൊടുത്തിരിക്കുന്നതിൽ ശരിയായത് കണ്ടെത്തുക:

(1) 2023 ലെ 'സരസ്വതി സമ്മാൻ' പുരസ്കാരം ലഭിച്ചത് പ്രഭാവർമ്മയ്ക്കാണ്.
(2) കൽപ്പറ്റ നാരായണനാണ് മികച്ച കവിതയ്ക്കുള്ള 2023 ലെ 'കേരള സാഹിത്യ അക്കാദമി' അവാർഡ് ലഭിച്ചത്
(3) എസ്. സോമനാഥ്, ഭുവനേശ്വരി എന്നിവർക്കാണ് 2024 ലെ "കേരള പ്രഭ" പുരസ്കാരം ലഭിച്ചത്
(4) 2024 ലെ 'എഴുത്തച്ഛൻ പുരസ്കാരം' ലഭിച്ചത് എസ്.കെ. വസന്തനാണ്

(A) ഒന്ന്, രണ്ട് എന്നിവ ശരിയാണ്
(B) മൂന്ന്, നാല് എന്നിവ ശരിയാണ്
(C) ഒന്ന്, രണ്ട്, മൂന്ന് എന്നിവ ശരിയാണ്
(D) ഒന്ന്, രണ്ട്, മൂന്ന്, നാല് എന്നിവ ശരിയാണ്

40. ആരാണ് സംസ്ഥാന സ്കൂൾ കായികമേളയുടെ ബ്രാൻഡ് അംബാസിഡർ?

(A) സഞ്ജുസാംസൺ
(B) വി.ശിവൻകുട്ടി
(C) പി.ആർ. ശ്രീജേഷ്
(D) മമ്മൂട്ടി

41. നിലവിലെ കേരള മന്ത്രിസഭയിലെ വനിതാ മന്ത്രിമാരുടെ എണ്ണം എത്ര?

(A) രണ്ട്
(B) മൂന്ന്
(C) നാല്
(D) അഞ്ച്

42. കേരളത്തിലെ നിലവിലെ മന്ത്രിമാരും അവരുടെ വകുപ്പുകളുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ യോജിക്കാത്തത് കണ്ടെത്തുക.

(1) പട്ടികജാതി-പട്ടിക വർഗ പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി ശ്രീ. ഒ.ആർ. കേളുവാണ്
(2) ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. വി.ശിവൻകുട്ടിയാണ്
(3) സാംസ്കാരിക വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാനാണ്
(4) ദേവസ്വം വകുപ്പ് മന്ത്രി ശ്രീ. വി.എൻ. വാസവനാണ്

(A) ഒന്ന്, രണ്ട്, മൂന്ന് എന്നിവ ശരിയാണ്
(B) രണ്ട്, മൂന്ന്, നാല് എന്നിവ ശരിയാണ്
(C) ഒന്ന്, മൂന്ന്, നാല് എന്നിവ ശരിയാണ്
(D) എല്ലാം ശരിയാണ്

Supernotes

43. കേരളത്തിൽ ഏറ്റവും കൂടുതൽ തവണ മുഖ്യമന്ത്രിയായത് ആര്?

(A) കെ.കരുണാകരൻ
(B) ഇ.കെ. നായനാർ
(C) ഉമ്മൻ ചാണ്ടി
(D) പിണറായി വിജയൻ

44. നിതി ആയോഗിന്റെ നിലവിലെ വൈസ് ചെയർമാൻ ആര്?

(A) നരേന്ദ്രമോദി
(B) അരവിന്ദ് പനഗരിയ
(C) സുമൻ ബേരി
(D) സുബ്രഹ്മണ്യം

45. നിലവിലെ റിസർവ് ബാങ്ക് ഗവർണർ ആര്?

(A) ഊർജിത് പട്ടേൽ
(B) ശക്തികാന്ത ദാസ്
(C) രഘുറാം രാജൻ
(D) സി.ഡി. ദേശ്മുഖ്

46. ആരെയാണ് 'മിസൈൽ വുമൺ ഓഫ് ഇന്ത്യ' എന്ന് വിളിക്കുന്നത്?

(A) ടെസ്സി തോമസ്
(B) അന്നാമാണി
(C) ഇ.കെ.ജാനകി അമ്മാൾ
(D) അർച്ചന ഭട്ടാചാര്യ

47. ഏത് സംസ്ഥാനത്താണ് 'സതീഷ് ധവാൻ സ്പെയ്സ് സെന്റർ' സ്ഥിതി ചെയ്യുന്നത്?

(A) കർണ്ണാടക
(B) തമിഴ്നാട്
(C) ഗോവ
(D) ആന്ധ്രപ്രദേശ്

48. എവിടെവെച്ചാണ് 2024 ലെ സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം നടന്നത്?

(A) കാസർഗോഡ്
(B) കോട്ടയം
(C) ആലപ്പുഴ
(D) എറണാകുളം

49. 2023 ലെ മികച്ച ചിത്രത്തിനുള്ള കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് ലഭിച്ച സിനിമ ഏത്?

(A) ഉള്ളൊഴുക്ക്
(B) ആടുജീവിതം
(C) കാതൽ ദി കോർ
(D) ഇരട്ട

50. 'കേളി' എന്നത് ഏത് കലാരൂപവുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) കഥകളി
(B) കൂടിയാട്ടം
(C) കുച്ചിപ്പുടി
(D) ഭരതനാട്യം

Supernotes

51. ജലത്തിന്റെ തിളനില

(A) 100°C
(B) 120°C
(C) 80°C
(D) 216°C

52. താഴെപ്പറയുന്നവയിൽ ദ്രാവകാവസ്ഥയിലുള്ളത്

(A) സ്ഫടികം
(B) ഐസ്
(C) നീരാവി
(D) വെള്ളം

53. വാതകത്തിൽ കണികകൾ

(A) വളരെ അകലെയാണ്
(B) വളരെ അടുത്താണ്
(C) സാന്ദ്രത കൂടുതലാണ്
(D) ഇവയൊന്നുമല്ല

54. പാചക വാതകത്തിലെ പ്രധാന ഘടകം

(A) കാർബൺഡൈഓക്സൈഡ്
(B) ബ്യൂട്ടേയ്ൻ
(C) മീഥേയ്ൻ
(D) നൈട്രജൻ

55. പെട്രോൾ വെള്ളത്തിന് മുകളിൽ പൊങ്ങികിടക്കാൻ കാരണം

(A) പെട്രോളിന് വെള്ളത്തേക്കാൾ സാന്ദ്രത കൂടുതലാണ്
(B) പെട്രോളിന് വെള്ളത്തേക്കാൾ സാന്ദ്രത കുറവാണ്
(C) പെട്രോളിന് വെള്ളത്തേക്കാൾ തിളനില കൂടുതലാണ്
(D) മേൽപ്പറഞ്ഞതൊന്നുമല്ല

56. വൈദ്യുത വിതരണത്തിനുള്ള കമ്പികൾ നിർമ്മിക്കാൻ ഉപയോഗിക്കുന്ന ലോഹം

(A) ടങ്സ്റ്റൺ
(B) ടിൻ
(C) അലുമിനിയം
(D) ലെഡ്

57. രക്തത്തിൽ ഹീമോഗ്ലോബിന്റെ കുറവ് മൂലം ഉണ്ടാകുന്ന രോഗം

(A) പിള്ളവാതം
(B) അനീമിയ
(C) ഹീമോഫീലിയ
(D) ഡയബെറ്റിക്സ്

58. ഏത് വിറ്റാമിന്റെ അപര്യാപ്തതയാണ് മുടികൊഴിച്ചിലിന് കാരണം

(A) വിറ്റാമിൻ $B_2$
(B) വിറ്റാമിൻ C
(C) വിറ്റാമിൻ K
(D) വിറ്റാമിൻ $B_7$

59. മനുഷ്യ ശരീരത്തിൽ ഏറ്റവും കൂടുതലുള്ള മൂലകം

(A) കാത്സ്യം
(B) സോഡിയം
(C) ഓക്സിജൻ
(D) നൈട്രജൻ

60. രക്തം കട്ടപിടിക്കാൻ സഹായിക്കുന്ന വിറ്റാമിൻ

(A) വിറ്റാമിൻ $B_6$
(B) വിറ്റാമിൻ K
(C) വിറ്റാമിൻ $B_2$
(D) വിറ്റാമിൻ A

61. ലോക പ്രമേഹ ദിനം

(A) ഡിസംബർ 2
(B) ജൂലൈ 5
(C) നവംബർ 14
(D) ഒക്ടോബർ 15

62. ന്യുമോണിയ ബാധിക്കുന്നത് ഏത് അവയവത്തെയാണ്?

(A) കണ്ണ്
(B) ശ്വാസകോശം
(C) തൊണ്ട
(D) കരൾ

63. ജലത്തിന്റെ pH മൂല്യം എത്ര?

(A) 10
(B) 8
(C) 5
(D) 7

64. മനുഷ്യ ശരീരത്തിലെ ഏറ്റവും കാഠിന്യമേറിയ ഭാഗം

(A) തുടയെല്ല്
(B) വാരിയെല്ല്
(C) ഇനാമൽ
(D) താടിയെല്ല്

65. താഴെപ്പറയുന്നവയിൽ ലോഹ സങ്കരമേത്?

(A) ഇരുമ്പ്
(B) മഗ്നീഷ്യം
(C) പ്ലാറ്റിനം
(D) സ്റ്റീൽ

66. പഞ്ചസാര വെള്ളത്തിൽ ലയിക്കുമ്പോൾ ഉണ്ടാകുന്ന മാറ്റം

(A) ഭൗതികമാറ്റം
(B) രാസമാറ്റം
(C) ആദ്യം രാസമാറ്റം പിന്നീട് ഭൗതികമാറ്റം
(D) ആദ്യം ഭൗതികമാറ്റം പിന്നീട് രാസമാറ്റം

67. സിമന്റ്, ചരൽ, പരുക്കൻ, വെള്ളം എന്നിവയുടെ മിശ്രിതം

(A) മോർട്ടാർ
(B) സ്ലറി
(C) മോഡറേറ്റർ
(D) കോൺക്രീറ്റ്

68. മനുഷ്യ ശരീരത്തിൽ ഏറ്റവും കൂടുതലുള്ള ലോഹം

(A) കാൽസ്യം
(B) സോഡിയം
(C) മഗ്നീഷ്യം
(D) ഇരുമ്പ്

69. സ്വന്തമായി ആകൃതിയും വ്യാപ്തവും ഇല്ലാത്തത്

(A) ഖരം
(B) വാതകം
(C) പ്ലാസ്മ
(D) ദ്രാവകം

70. ഖരം ദ്രാവകമായി മാറുന്ന താപനില

(A) ദ്രവണാങ്കം
(B) തിളനില
(C) സാന്ദ്രത
(D) ബാഷ്പീകരണ ലീന താപം

Supernotes

71. 0.08% എന്നതിന് തുല്യമായ ഭിന്ന സംഖ്യയേത്?

(A) $\frac{8}{10000}$ (B) $\frac{8}{1000}$
(C) $\frac{8}{100}$ (D) $\frac{8}{10}$

72. ഒരു ബഹുഭുജത്തിന് കുറഞ്ഞത് എത്ര വശങ്ങൾ ഉണ്ടാവും?

(A) 2 (B) 1
(C) 3 (D) 4

73. $7\frac{1}{2} \times 3\frac{1}{5} =$

(A) $21\frac{1}{10}$ (B) $10\frac{1}{7}$
(C) 22 (D) 24

74. ഒരു എണ്ണൽ സംഖ്യയുടെ 5 മടങ്ങിനേക്കാൾ 8 കൂടിയാൽ 23 കിട്ടും. സംഖ്യയേത്?

(A) 5 (B) 6
(C) 3 (D) 4

75. ഒരു സമചതുരകട്ടക്ക് എത്ര വക്കുകൾ ഉണ്ടാവും?

(A) 4 (B) 8
(C) 6 (D) 12

76. 5200 രൂപക്ക് സാധനങ്ങൾ വാങ്ങി 10% ലാഭത്തിൽ വിറ്റാൽ വിറ്റവില എത്ര?

(A) 5210 (B) 5230
(C) 5720 (D) 5270

77. 10% സാധാരണ പലിശനിരക്കിൽ എത്ര വർഷം കൊണ്ട് ഒരു തുക അതിന്റെ ഇരട്ടി ആവും?

(A) 10 (B) 20
(C) 5 (D) 15

78. 1, −1, 1, −1,..... എന്ന സംഖ്യാ ശ്രേണിയിലെ ആദ്യത്തെ 20 പദങ്ങളുടെ തുക?

(A) −1 (B) 1
(C) 0 (D) 2

79. 820118 എന്നതിന്റെ പൂജ്യത്തിന്റെ സ്ഥാനവില എന്ത്?

(A) 1000 (B) 100
(C) 10000 (D) 10

80. 10 cm വ്യാസമുള്ള വൃത്തത്തിന്റെ ചുറ്റളവ്?

(A) $15\pi$ cm (B) $10\pi$ cm
(C) $20\pi$ cm (D) $30\pi$ cm

Supernotes

81. Superintendent എന്ന വാക്കിന്റെ മലയാള അർത്ഥം?

(A) ഉപരിപ്ലവം
(B) അമാനുഷികൻ
(C) ഉത്തമൻ
(D) മേൽനോട്ടക്കാരൻ

82. 'ധനത്തെ' എന്ന പദം പിരിച്ചെഴുതുക

(A) ധന + എ
(B) ധനം + എ
(C) ധനം + തെ
(D) ധൻ + എ

83. 'Go forward' എന്ന വാക്യത്തിന് ഉചിതമായ മലയാള വാക്യമേത്?

(A) പുറകോട്ടു പോകൂ
(B) മുകളിലേക്കു പോകൂ
(C) മുന്നോട്ടു പോകൂ
(D) താഴേക്കു പോകൂ

84. 'ഹോമദ്രവ്യം' എന്ന സമസ്തപദത്തെ വിഗ്രഹിച്ചെഴുതുന്നതെങ്ങനെ?

(A) ഹോമിച്ച ദ്രവ്യം
(B) ഹോമമുള്ള ദ്രവ്യം
(C) ഹോമിച്ചിട്ടുള്ള ദ്രവ്യം
(D) ഹോമത്തിനുള്ള ദ്രവ്യം

85. ക്രിയാനാമത്തിന് ഉദാഹരണമേത്?

(A) ഓട്ടം
(B) പർവ്വതം
(C) അഴകു
(D) ഗോപാലൻ

86. 'കപോതം' എന്ന പദത്തിന്റെ അർത്ഥം?

(A) പരുന്ത്
(B) എട്ടുകാലി
(C) പ്രാവ്
(D) കാക്ക

87. 'വരാൻ പോകുന്നത് മുൻകൂട്ടി കാണാനുള്ള കഴിവ്' - ഒറ്റപ്പദം എഴുതുക

(A) ജിജ്ഞാസ
(B) ദീർഘദർശിത്വം
(C) ഏകാഗ്രത
(D) പിപഠിഷ

88. അഗ്നി, കരിക്കട്ട തുടങ്ങിയ നാനാർത്ഥങ്ങൾ വരുന്ന പദം

(A) അഗാരം
(B) അംഗു
(C) അംഗാരം
(D) അഗുരു

89. 'Fifth-column' എന്ന പ്രയോഗത്തിന്റെ മലയാള പരിഭാഷ?

(A) അഞ്ചാമത്തെ കളം
(B) അഞ്ചാംപത്തി
(C) അഞ്ചാം ചതുരം
(D) അഞ്ചാമത്തെയാൾ

90. താഴെ കൊടുത്തവയിൽ ശരിയായ പദമേത്?

(A) അനുഗൃഹം
(B) ആർഭാഡം
(C) കൃപാണം
(D) നിഘണ്ഡു

Supernotes

91. താഴെപ്പറയുന്നവയിൽ വടക്കൻ കേരളത്തിൽ പ്രചാരമുള്ള അനുഷ്ഠാന കല

(A) മയിൽപ്പീലിത്തൂക്കം
(B) പടയണി
(C) മുടിയേറ്റ്
(D) തെയ്യം

92. അഹം ബ്രഹ്മാസ്മി എന്ന മഹാവാക്യം ഏത് ഉപനിഷത്തിൽ നിന്ന് സ്വീകരിച്ചിട്ടുള്ളതാണ്?

(A) മാണ്ഡൂക്യോപനിഷത്ത്
(B) ബൃഹദാരണ്യകോപനിഷത്ത്
(C) ഈശാവാസ്യോപനിഷത്ത്
(D) ഛാന്ദോഗ്യോപനിഷത്ത്

93. പ്രേതകർമ്മം, പ്രേതശ്രാദ്ധം തുടങ്ങിയ വിഷയങ്ങൾ പ്രധാനമായി വിവരിക്കുന്ന പുരാണം

(A) കൂർമ്മപുരാണം
(B) ഗരുഡപുരാണം
(C) അഗ്നിപുരാണം
(D) ബ്രഹ്മാണ്ഡപുരാണം

94. അധഃസ്ഥിതരുടെ സഞ്ചാരസ്വാതന്ത്ര്യനിഷേധത്തിന് എതിരെ അയ്യങ്കാളി സംഘടിപ്പിച്ച സമരം

(A) കർഷകത്തൊഴിലാളി സമരം
(B) വില്ലുവണ്ടി സമരം
(C) വൈക്കം സത്യാഗ്രഹം
(D) ഗുരുവായൂർ സത്യാഗ്രഹം

95. ശ്രീനാരായണഗുരു അരുവിപ്പുറം പ്രതിഷ്ഠ നടത്തിയ വർഷം

(A) 1904
(B) 1888
(C) 1913
(D) 1923

96. മലബാർ ദേവസ്വം ബോർഡ് രൂപീകൃതമായ വർഷം

(A) 1983
(B) 2007
(C) 2008
(D) 2014

97. ലോകപൈതൃകമായി യുനെസ്കോ അംഗീകരിച്ച ആദ്യ കേരളീയ നൃത്തരൂപം

(A) കഥകളി
(B) ചാക്യാർകൂത്ത്
(C) മോഹിനിയാട്ടം
(D) കൂടിയാട്ടം

98. കേരളത്തിലെ ശ്രീകൃഷ്ണ ക്ഷേത്രങ്ങളിൽ ഏറ്റവും വലിയ വിഗ്രഹമുള്ള ക്ഷേത്രം

(A) ഗുരുവായൂർ ക്ഷേത്രം
(B) ആറന്മുള പാർത്ഥസാരഥി ക്ഷേത്രം
(C) അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം
(D) മലയിൻകീഴ് ശ്രീകൃഷ്ണസ്വാമി ക്ഷേത്രം

99. ഹൈന്ദവാചാരപ്രകാരം മംഗളകർമ്മങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് ഉപയോഗിക്കുന്ന വാദ്യം

(A) ചെണ്ട
(B) മദ്ദളം
(C) ശംഖ്
(D) മൃദംഗം

100. തച്ചുശാസ്ത്രഗ്രന്ഥമായ മനുഷ്യാലയചന്ദ്രികയുടെ കർത്താവ്

(A) തിരുമംഗലത്ത് നീലകണ്ഠൻ
(B) കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരി
(C) സംഗമഗ്രാമം മാധവൻ
(D) മയമുനി

Supernotes